Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം വ്യാഴം - മർക്കോ 12: 35-40

മിശിഹാ ദാവീദിന്റെ കർത്താവുമാണെന്ന് വ്യക്തമാക്കുവാൻ ഈശോ 110-ാം സങ്കീർത്തനം ഉദ്ധരിക്കുന്നു (സങ്കീ 110: 1). മിശിഹാ ദാവീദിന്റെ പുത്രനെങ്കിൽ എങ്ങനെയാണ് ദാവീദ് തന്റെ പുത്രനെ കർത്താവ് എന്നു വിളിക്കുന്നതെന്നാണ് ഈശോയുടെ ചോദ്യം. ദാവീദിന്റെ കുടുംബത്തിൽ ജനിച്ചവൻ എന്ന നിലയിൽ ഈശോ ദാവീദിന്റെ പുത്രനും ദൈവമെന്ന നിലയ്ക്ക് ദാവീദിന്റെ കർത്താവുമാണെന്നർത്ഥം. അതായത് മനുഷ്യസ്വഭാവത്തിൽ ഈശോ മറിയത്തിന്റെ മകനും ദൈവസ്വഭാവത്തിൽ ഈശോ മറിയത്തിന്റെ കർത്താവുമായിരിക്കുന്നതുപോലെയാണ് മനുഷ്യസ്വഭാവത്തിൽ ഈശോ ദാവീദിന്റെ മകനും ദൈവസ്വഭാവത്തിൽ ഈശോ ദാവീദിന്റെ കർത്താവുമായിരിക്കുന്നതെന്ന് വി. ആഗസ്തീനോസ് വ്യാഖ്യാനിക്കുന്നു. ദാവീദിനെപ്പോലെ നമുക്കും മിശിഹായെ എന്റെ കർത്താവേ എന്നു വിളിക്കാം. തോമാശ്ലീഹാ മിശിഹായെ എന്റെ കർത്താവേ എന്റെ ദൈവമേ എന്നു വിളിച്ചുകൊണ്ട് കർത്താവിൽ വിശ്വസിക്കുകയും നാഥനെ അനുഗമിക്കുകയും ചെയ്തു. ഈശോയാണ് എന്റെ കർത്താവെന്ന് നമുക്കും ജീവിതംവഴി തെളിയിക്കാം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്

Read More:www.syromalabarliturgy.org